# കാളാഞ്ചിക്കൃഷി ശുദ്ധജലത്തിൽ സാധ്യമോ

**മത്സ്യം**

**ഡോ. പി.എ. വികാസ്**
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ,
കൊച്ചി. e-mail: kvkernakulam@yahoo.co.in



*? കാളാഞ്ചിയെ ശുദ്ധജലത്തിൽ വളർത്താനാവുമോ. എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം.*

**ബിജു വി.കെ,** വലിയ പറമ്പിൽ
തിരുവല്ല

● കാളാഞ്ചിക്ക് ശുദ്ധജലാശയങ്ങളിൽ ജീവിക്കാൻ കഴിയുമെങ്കിലും ഉപ്പുരസമുള്ള ഓരുജലാശയങ്ങളാണ് കൃഷിക്കു യോജ്യം.



പരസ്പരം ആക്രമിച്ചു ഭക്ഷണമാക്കുന്ന കാനിബാളിസം എന്ന സ്വഭാവം കാളാഞ്ചിക്കുള്ളതിനാൽ കുളങ്ങളിലോ ചെമ്മീൻകെട്ടുകളിലോ മറ്റോ തുറന്നുവിട്ട് വളർത്തിയാൽ അതിജീവനത്തോത് വളരെ കുറവായിരിക്കും. എന്നാൽ കൂടുകൃഷിയിൽ ഈ പ്രശ്നമുണ്ടാവില്ല. കൃത്യമായ ഇടവേളകളിൽ ഒരേ സമയത്ത് എല്ലാറ്റിനും തീറ്റ ലഭിക്കുമെന്നതിനാലും വലുപ്പമനുസരിച്ചു തരം തിരിച്ചു വളർത്താമെന്നതിനാലും കൂടുകളിൽ പരസ്പരാക്രമണം കുറയും. തിരിരൂപത്തിലുള്ള കൃത്രിമത്തീറ്റ തിന്നുമെങ്കിലും മറ്റ് മീനുകളെയാണ് പ്രിയം. എന്നാൽ, മീനുകളെ തീറ്റയായി നൽകുമ്പോൾ അവശിഷ്ടങ്ങൾ അടിഞ്ഞു കൂടി ജലം പെട്ടെന്ന് മലിനമാകും. അതിനാൽ, ഒഴുക്കുള്ള ജലാശയങ്ങളിൽ കാളാഞ്ചിക്കൂടുകൾ വയ്ക്കുന്നതാണു നല്ലത്. പടുതക്കുളങ്ങളിൽ കാളാഞ്ചിക്കൃഷി നന്നല്ല.